# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6144 — 20.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പൗരാവകാശ സംരക്ഷണ നിയമം

| | ചോദ്യം<br>ശ്രീ.വി.എസ്.ശിവകമാർ | | മറുപടി<br>കെ.രാധാകൃഷ്ണൻ<br>(ബഹു.പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്ത് പൗരാവകാശ സംരക്ഷണ നിയമം പാസ്സാക്കുമെന്ന പ്രകടന പത്രികയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) | 1955-ലെ പൗരാവകാശ സംരക്ഷണ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെയുള്ള ബോധവത്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമ (കേന്ദ്ര നിയമം) പ്രകാരം തുക ചെലവഴിക്കുന്നു. പട്ടികജാതിക്കാരെ സംബന്ധിച്ച് മാധ്യമ റിപ്പോർട്ടുകളിൽ മികച്ചവയ്ക്ക് അവാർഡ്, മികച്ച ദളിത് സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് എന്നിവ ഈ നിയമത്തിന്റെ ഭാഗമായി നൽകുന്നു. മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയും ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |
| ബി) | ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷിതത്വവും ഉറപ്പവരുത്തുവാൻ സമഗ്ര നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ബി) | ദേശീയ പട്ടികവർഗ്ഗ കമ്മീഷന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയിട്ടുള്ള Kerala Domestic Workers (Regulation of Employment and conditions of Service) Bill, 2020 (കരട്), കേരള നിയമ പരിഷ്കരണ കമ്മീഷൻ 14-ാമത് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള Kerala Domestic Workers (Regulation of Welfare) Bill, 2021 (കരട്) എന്നീ രണ്ടു ബില്ലുകളിലെയും പ്രധാന ഭാഗങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള, ഗാർഹിക തൊഴിലാളികൾക്കായുള്ള സമഗ്ര നിയമ നിർമ്മാണ ബില്ല് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അത് കാലതാമസം വരാത്തവിധം നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Anju. K. R

**സെക്ഷൻ ഓഫീസർ**